**പതിമൂന്നാം കേരള നിയമസഭ**
**14-ാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.433** **29/06/2015-ൽ മറുപടിയ്ക്ക്**

**കാപ്പിത്തോട് മാലിന്യമുക്തമാക്കാൻ നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി.സുധാകരൻ | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) ആലപ്പുഴയിലെ കാപ്പിത്തോട് മാലിന്യം നിറഞ്ഞ് ജനജീവിതം ദുസ്സഹമായിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട് |
| (ബി) കാപ്പിത്തോട് മാലിന്യമുക്തമാക്കാൻ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ? | (ബി) കാപ്പിത്തോട് നവീകരണത്തിനായി 2009-10 സാമ്പത്തിക വർഷത്തിൽ വിഭാവനം ചെയ്ത ഒരു പദ്ധതി പ്രകാരം കാപ്പിത്തോട്ടിൽക്കൂടി പാഴ്ജലം ഒഴുക്കുന്നതിനുള്ള പൈപ്പ് ലൈൻ ഇടുന്നതിനായി ആലപ്പുഴ ജില്ലാ പഞ്ചായത്തിന് 40 ലക്ഷം രൂപ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നൽകിയെങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ പദ്ധതി നടന്നില്ല. കാപ്പിത്തോട് നവീകരണ ത്തിനായി 2013-ൽ അന്നത്തെ ബഹു. അമ്പലപ്പുഴ എം.എൽ.എ ശ്രീ.ജി. സുധാകരന്റെ എം.എൽ.എ ഫണ്ടിൽ നിന്നുള്ള തുക കൂടി വിനിയോഗിച്ച് 10.60 കോടി രൂപ ചെലവു വരുന്ന ഒരു പദ്ധതി ആവിഷ്കരിച്ചെങ്കിലും എസ്റ്റിമേറ്റ് തുകയിൽ വീണ്ടും വർദ്ധനവ് വന്നതിനാലും ഒരു വർഷം കഴിഞ്ഞും പദ്ധതി പ്രവർത്തനം ആരംഭിക്കാൻ സാധിക്കാതിരുന്നതിനാലും വകയിരുത്തിയ തുകയുടെ മറ്റുവിനിയോഗം കണക്കിലെടുത്ത് 2014-ൽ പ്രസ്തുത പദ്ധതിയുടെ ഭരണാനുമതി ജലവിഭവ വകുപ്പ് റദ്ദ് ചെയ്തു. |

സെക്ഷൻ ഓഫീസർ